മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം രാൻഡ് ലൂം ജായിൻറ് ഡയറക്ടറക്ക് നൽകിക്കൊണ്ട് 29-1-1955-ൽ ഗവണ്മെൻറ് ഉത്തരവു പുറപ്പെടുവിച്ചു.

(ബി) അതു സംബന്ധിച്ചു നോട്ടിഫിക്കേഷൻ 31-5-1955-ലെ ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ട്.

(സി) അധികാരം നൽകിയതിനു ശേഷം 59 സംഘങ്ങൾ രജിസ്ട്രേഷനു് അപേക്ഷിച്ചിട്ടുണ്ടു്.

(ഡി) 33.

(ഇ) ഇല്ല.

നാട്ടുകാർ കെട്ടിയിട്ടുള്ള പ്രൈമറിസ്കൂൾ കെട്ടിടം.

* 923. [65] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സക്കാർ അനുവദിച്ചു പ്രൈമറി സ്കൂളുകൾക്കുവേണ്ടി എവിടെയെല്ലാം നാട്ടുകാർ കെട്ടിടം കെട്ടിയിട്ടുണ്ടു്, അങ്ങനെ കെട്ടിയിട്ടുള്ള എല്ലാ കെട്ടിടങ്ങളും സക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എത്തെല്ലാം ഏറ്റെടുത്തിട്ടില്ല; ഏറ്റെടുക്കാതിരിക്കാനുള്ള കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

വിവരങ്ങൾ നൽകുന്ന ഒരു സ്റ്റേറ്റുമെൻറ് † മേശപ്പുറത്തു വച്ചിട്ടുണ്ടു്.

രണ്ടാം പഞ്ചവത്സരപദ്ധതിയിലെ നാടൻകലകളും വിനോദങ്ങളും.

* 924. [70] ശ്രീ. പി. നാരായണൻ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽക്കൂടി അഭിവൃദ്ധിപ്പെടുത്തുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കേരളീയകലകളും നാടൻ വിനോദങ്ങളും എതൊക്കെയാണെന്നു പറയാമോ;

(ബി) ഇവയിലോരോന്നിൻറെയും നിലനില്പിനും, അഭിവൃദ്ധിപ്പെടുത്തലിനുംവേണ്ടി ഉൾക്കൊള്ളിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെയും, അനുവദിക്കുമെന്നു ശുപാർശ ചെയ്തിട്ടുള്ള തുകയുടേയും ഒരു സ്ഥലശുപം തരാമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കേരളീയകലകൾക്കും നാടൻ വിനോദങ്ങൾക്കും പ്രത്യേകമായി തുക കൊള്ളിക്കുവാൻ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ പൊതുവെ നൃത്തം, സംഗീതം ഇത്യാദി കലകൾ പോഷിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾക്കു് തുക കൊള്ളിക്കുവാൻ തീരുമാനിച്ചിട്ടുണ്ടു്.

(ബി) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കൊള്ളിക്കേണ്ട പദ്ധതികൾ എത്തെല്ലാമാണെന്നു് അവസാനമായി തീരുമാനിക്കപ്പെട്ടുകഴിഞ്ഞിട്ടില്ല.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly